# പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1890 — 22/03/2012 - ൽ മറുപടിക്ക്

## മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്ത് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ സമ്പത്തു വർദ്ധിപ്പിക്കുന്നതിനായി 'മത്സ്യസമൃദ്ധി' എന്ന ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 3 വർഷംകൊണ്ട് ഉൾനാടൻ മേഖലയിലെ മത്സ്യോ ല്പാദനം 3,00,000 ടണ്ണായി വർദ്ധിപ്പി ക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ നിലവിൽ ഉൾനാടൻ മത്സ്യ മേഖലയിൽ മത്സ്യസമ്പത്ത് വർദ്ധിപ്പി ക്കാൻ ഇനിപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>എല്ലാ ജില്ലകളിലും പൊതു ജലാശയങ്ങളിലും ജലസംഭരണികളി ലും മത്സ്യവിത്തു നിക്ഷേപിക്കുന്ന സാമൂഹിക മത്സ്യകൃഷി പദ്ധതി നടപ്പാക്കി വരുന്നു. ഊന്നിവല. |

ചീനവല നിയന്ത്രണം, ബാക്ക് വാട്ടർ പട്രോളിംഗ്, അനധികൃത മത്സ്യ ബന്ധനം തടയൽ തുടങ്ങിയവയിലൂടെ മത്സ്യ സമ്പത്തിന്റെ ക്രമാതീതമായ ചൂഷണം നിയന്ത്രിച്ചു വരുന്നു. കണ്ടൽ വനവൽക്കരണത്തിലൂടെയും ഉൾനാടൻ മത്സ്യസമ്പത്തു വർദ്ധിപ്പിക്കുന്നു. കൂടാതെ കേരളത്തിലെ ലഭ്യമായ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വൈവിധ്യമാർന്ന ജലകൃഷി സമ്പ്രദായങ്ങൾ വഴി മത്സ്യകൃഷിയും, മത്സ്യസമ്പത്തും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യ കേരളം പദ്ധതി ഇപ്പോൾ നടപ്പാക്കി വരുന്നുണ്ട്. അഡാക്ക് മുഖേന കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽ കൃഷിക്കുശേഷം മത്സ്യകൃഷി നടത്തുന്നു. ഒരുനെല്ലും ഒരുമീനും പദ്ധതിയും കോൾ നിലങ്ങളിൽ ആറ്റു കൊഞ്ചു കൃഷിയും നടപ്പാക്കി വരുന്നു. NFDB ധനസഹായത്തോടെ മത്സ്യ/ആറ്റുകൊഞ്ചു കൃഷി തെരഞ്ഞെടുക്കപ്പെട്ട റിസർവോയറുകളിൽ നടപ്പാക്കിവരുന്നു. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പ്രകാരം ആറ്റുകൊഞ്ച് കരിമീൻ/ചെമ്മീൻ കൃഷിയും വിവിധ ജില്ലകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എല്ലാ വർഷവും ജൂൺ, ജൂലൈ മാസങ്ങളിൽ (മത്സ്യങ്ങളുടെ പ്രജനന സമയത്ത്)

| | | | |
|---|---|---|---|
| | | | ട്രോളിംഗ് നിരോധനം നടപ്പിലാക്കി വരുന്നു. കൂടാതെ അഴിമുഖങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന സീറാഞ്ചിംഗ് പദ്ധതി നടപ്പിലാക്കുന്നു. ട്രോൾ വലയുടെ കോഡ് എന്റിന്റെ കണ്ണിവലിപ്പം 35 mm ന് താഴെയുള്ളത് നിരോധിച്ചും അനധികൃത മത്സ്യബന്ധനം നിയന്ത്രിച്ചും മത്സ്യസമ്പത്തു വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | മത്സ്യസമ്പത്ത് കുറയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | മത്സ്യസമ്പത്തു കുറയുന്നതായി പഠന റിപ്പോർട്ടുകളിൽ പ്രതിപാദിക്കുന്നില്ല. മത്സ്യബന്ധനം സംബന്ധിച്ചു പഠനം നടത്തിയിട്ടുള്ള എല്ലാ കമ്മിറ്റികളുടെയും പഠന റിപ്പോർട്ടുകളിൽ, ബോട്ടുകളുടെ അനിയന്ത്രിതമായ പെരുപ്പം ക്യാച്ച് പെർ യൂണിറ്റ് എഫർട്ട് കുറയാൻ കാരണമാകുമെന്ന് പ്രതിപാദിക്കുന്നുണ്ട്. |
| (സി) | മത്സ്യസമ്പത്തിനെ സംരക്ഷിക്കുന്നതിന് പ്രത്യേക സർവ്വേ നടത്തി മത്സ്യസമ്പത്ത് കണക്കാക്കിയിട്ടുണ്ടോ ; | (സി) | മത്സ്യബന്ധനം സംബന്ധിച്ചു പഠനം നടത്തിയിട്ടുള്ള കലവാർ കമ്മിറ്റി മുതലുള്ള എല്ലാ കമ്മിറ്റികളുടെയും പഠന റിപ്പോർട്ടുകളിൽ ബോട്ടുകളുടെ അനിയന്ത്രിതമായ പെരുപ്പം ക്യാച്ച് പെർ യൂണിറ്റ് എഫർട്ട് കുറയാൻ കാരണമാകുമെന്ന് പ്രതിപാദിക്കുന്നുണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് മത്സ്യ കേരളം പദ്ധതിയിലൂടെ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഓരോ മേഖലയ്ക്കും അനുസരിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പാക്കേജ് രൂപീകരിക്കുമോ ; | (ഡി) | ഓരോ മേഖലയിലേയും മത്സ്യ സമ്പത്തു വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ എല്ലാ ജില്ലയിലേയും ഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെന്റ് ഏജൻസി വഴി നടപ്പിലാക്കി വരുന്നുണ്ട്. |
| (ഇ) | സഹകരണ സംഘങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (ഇ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് മത്സ്യ കേരളം പദ്ധതി മത്സ്യക്ലബ്ബുകൾ രൂപവത്ക്കരിച്ചിട്ടുള്ള പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നത്. കൂടാതെ മത്സ്യ സമ്പത്തു വർദ്ധിപ്പിക്കുന്നതിന് സഹകരണമേഖലയിൽ മത്സ്യഫെഡ് വഴി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു. കേജ് കൾച്ചർ, കരിമീൻ കൃഷി, മറ്റു വിവിധ തരം മത്സ്യചെമ്മീൻ കൃഷി എന്നിവ മത്സ്യഫെഡ് വഴി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ